## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1407** **06.03.2018 ലെ മറുപടിയ്ക്ക്**

## കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക

ചോദ്യം
ശ്രീ.മോൻസ് ജോസഫ്

ഉത്തരം
ഡോ. കെ.റ്റി. ജലീൽ,
(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുൻസിപ്പാലിറ്റി കോർപ്പറേഷനുകളിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ പെൻഷനും ശമ്പളവും പരിഷ്കരിച്ചതിന്റെ ആനുകൂല്യം വിരമിച്ച ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (എ) | ഭൂരിഭാഗം നഗരസഭകളിലേയും കണ്ടിജന്റ് വിഭാഗം പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ചില നഗരസഭകളിൽ പെൻഷൻ ഫണ്ടിന്റെ അപര്യാപ്തത മൂലം പെൻഷൻ പരിഷ്കരിച്ച് നൽകിയിട്ടില്ല. ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | തിരുവനന്തപുരം നഗരസഭയിൽ പെൻഷൻ കുടിശ്ശിക കൊടുത്ത് തീർത്തിട്ടുണ്ടോ; ഇനി എത്ര ജീവനക്കാർക്ക് ആനുകൂല്യം കൊടുത്ത് തീർക്കുവാനുണ്ട്; അറിയിക്കുമോ ; | (ബി) & (സി) | തിരുവനന്തപുരം നഗരസഭയിൽ ആകെയുള്ള 911 പെൻഷണേഴ്സിൽ 334 പേർക്ക് പെൻഷൻ കുടിശ്ശിക കൊടുത്തു തീർത്തിട്ടുണ്ട്. ബാക്കിയുള്ള 577 പേർക്ക് പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവർക്ക് ജൂൺ 30 ന് മുമ്പായി പെൻഷൻ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാൻ കഴിയുമെന്ന് കരുതുന്നു. |
| (സി) | ഇവർക്ക് എന്നേക്ക് ആനുകൂല്യങ്ങൾ കൊടുത്ത് തീർക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ